CHAPTER XVI

## 84. Grant-in-aid Vaidyasalas

The opening and the conduct of grant-in-aid Vaidyasalas in the State are governed by the following rules:—

## കേരള സംസ്ഥാനത്തിൽ ഗ്രാൻറു വൈദ്യശാലകൾ സ്ഥാപിച്ചു നടത്തുന്നതു സംബന്ധിച്ചുള്ള നിയമങ്ങൾ

### വൈദ്യശാലാസ്ഥാപനം

1. ഗ്രാൻറു വൈദ്യശാലകൾ സ്ഥാപിക്കുന്നതു പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ ആയിരിക്കുന്നതാണ്. സ്ഥലപരിശോധനയ്ക്കുശേഷം ആവശ്യമാണെന്നു ബോദ്ധ്യമായാൽ ഗവൺമെൻറു് ആ അപേക്ഷയിൽ പറഞ്ഞിട്ടുള്ള സ്ഥലത്തു് ഒരു ഗ്രാൻറു വൈദ്യശാല സ്ഥാപിക്കുന്നതിനു അനുവാദം നൽകുന്നതായിരിക്കും.

2. വിഷം ഒഴിച്ചുള്ള പ്രത്യേക വൈദ്യശാലകൾ സാമാന്യമായി അനുവദിക്കുന്നതല്ല. എന്നാൽ പൊതു വൈദ്യശാലയോടു ചേർത്തു് ഏതു പ്രത്യേക വകുപ്പുകളും നടത്താവുന്നതാണ്.

3. ഒരു ഗ്രാൻറു വൈദ്യശാലയിൽ വൈദ്യനായി നിയമിക്കപ്പെടുന്ന ആൾ മെഡിക്കൽ രജിസ്ട്രേഷൻ ആക്ടു് അനുസരിച്ചു് സാമാന്യവിഭാഗത്തിൽ 'എ' ക്ലാസ്സിൽ രജിസ്റ്റർ ചെയ്ത ആളും, 'എ' ക്ലാസ്സ് രജിസ്ട്രേഷനു് അർഹമായ പരീക്ഷ പാസ്സായി രണ്ടു വർഷത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുമായിരിക്കണം. എന്നാൽ മെഡിക്കൽ രജിസ്ട്രേഷൻ ആക്ടു് വ്യാപിപ്പിക്കപ്പെട്ടിട്ടില്ലാത്ത കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിലെ വൈദ്യന്മാരെ സംബന്ധിച്ചിടത്തോളം അവർ 'എ' ക്ലാസ്സ് രജിസ്ട്രേഷനു വേണ്ട പരീക്ഷായോഗ്യതയുള്ളവരായിരിക്കുകയും പരീക്ഷ പാസ്സായതിനുശേഷം രണ്ടു കൊല്ലത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുകയും ചെയ്താൽ മതിയാകും.

തിരുവനന്തപുരം ആയുർവ്വേദ കോളേജിൽനിന്നും 118-നു ശേഷം പുതിയ പാഠപദ്ധതികളനുസരിച്ചു് ഡിപ്ലോമായോ ഡിഗ്രിയോ സിദ്ധിച്ചവർക്കു് രണ്ടു കൊല്ലത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കണമെന്ന വ്യവസ്ഥ ബാധകമായിരിക്കുന്നതല്ല.

4. മുനിസിപ്പൽ അല്ലെങ്കിൽ കോർപ്പറേഷൻ ഭരണമുള്ള പട്ടണങ്ങളിലൊഴികെ മററു സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന വൈദ്യശാലകൾ തമ്മിൽ നാലു മൈലിൽ കുറയാത്ത അകലമുണ്ടായിരിക്കണം.

5. ആദ്യമായി ഗ്രാൻറു നൽകുന്നതു സാമാന്യമായി കുറ... ഗ്രേഡിലായിരിക്കും. രണ്ടു വർഷത്തിൽ കുറയാതെ പ്രശസ്തമാ... രീതിയിൽ നടത്തുന്ന വൈദ്യശാലയ്ക്കു യുക്തമെന്നു തോന്നുന്നപക്ഷ... ആദ്യം കൊടുക്കുന്നതുതന്നെ ഉയർന്ന ഗ്രേഡിലുള്ള ഗ്രാൻറാകാവു... താണ്.

6. രണ്ടു കൊല്ലമെങ്കിലും യോഗ്യമായ നിലയിൽ വൈ... ശാല നടന്നു എന്നു ബോദ്ധ്യപ്പെട്ടതിനു മേൽ മാത്രമേ ഗ്രാൻറ് വ... പ്പിക്കുകയുള്ളു. ഇത്ര കാലമായി നിലനിന്നുപോകുന്നുവെന്നുള്ളതി... മാത്രം അടിസ്ഥാനമാക്കി ഗ്രാൻറു കൂട്ടിക്കൊടുക്കുവാൻ ഇടയാക... തല്ല; വൈദ്യശാലയുടെ അഭിവൃദ്ധിമാത്രമേ ഇക്കാര്യത്തിൽ ക... ക്കാക്കപ്പെടുകയുള്ളു. ഓരോ ഘട്ടത്തിലും ഈരണ്ടു വർഷമെങ്കില... അഭിവൃദ്ധികാണിച്ചതിനുശേഷമേ അടുത്ത ഘട്ടത്തിലേക്കു ഗ്രാ... കൂട്ടിക്കൊടുക്കുവാൻ ഇടയുള്ളു.

7. കോവാപ്പറേറ്റീവ് സൊസൈററി, കരയോഗം മുതലാ... കൂട്ട ദായാസ്തുള്ള സംഘടനകൾക്ക് ഒരു ഗ്രാൻറ്–ഇൻ–എയി... വൈദ്യശാലയുടെ ഉടമസ്ഥത വഹിക്കാവുന്നതാണ്. ഇങ്ങനെയു... വിഷയത്തിൽ ഗ്രാൻറ് ആ സംഘടനയുടെ പേരിൽ അതി... അദ്ധ്യക്ഷൻെറയോ പ്രസ്തുത സംഘടന അധികാരപ്പെടുത്തുന്ന ഭര... ഗികാംഗത്തിൻെറയോ ഒപ്പിൽ കൊടുക്കാവുന്നതാണ്. ആ സം... ടന ഡിപ്പാർട്ടുമെൻറിൻെറ നിയമങ്ങൾക്കു വിധേയമായും ഡിപ്പാ... മെൻറിൻെറ അനുമതിയോടുകൂടിയും വൈദ്യന്മാരെ നിയമിച്ച... ള്ളേണ്ടതാണ്.

8. ഒരു വൈദ്യൻ 70 വയസ്സിനുമേൽ വൈദ്യശാലയി... നടത്തിപ്പുകാരനായിരിക്കാൻ പാടുള്ളതല്ല. എന്നാൽ 70 വയസ്സ്... മേലും ഉപദേഷ്ടാവ് എന്ന നിലയിലും ഉടമസ്ഥൻ എന്ന നിലയി... ടി വൈദ്യശാലയിൽ ബന്ധിച്ചിരിക്കാവുന്നതാണ്.

9 70 വയസ്സു തികഞ്ഞതുകൊണ്ടോ മരണംകൊണ്ടോ ശരീ... സ്വാസ്ഥ്യാദി മററു പ്രകാരത്തിലോ ഗ്രാൻറു വൈദ്യൻ എന്ന സ്ഥാ... വിടാൻ ഇടവരുന്ന അവസരത്തിൽ ആ സ്ഥാനത്തേക്കു മററു യോ... തകളെല്ലാം ഉള്ളപക്ഷം വൈദ്യൻെറ മകൻ, മരുമകൻ, ആ വൈ... ശാലയിലെ ഉപവൈദ്യനായിരുന്ന ആൾ എന്നിവർക്ക് മുൻഗ... ഉണ്ടായിരിക്കും.

10. ഇപ്രകാരം ഗ്രാൻറു മാററിസ്ഥാപിക്കുമ്പോൾ വൈ... ശാലയിലെ ഉപകരണങ്ങൾ വൈദ്യൻ നിർദ്ദേശിക്കുന്ന പുതി... ആളിൻെറ അധികാരത്തിൽ വിട്ടുകൊടുക്കേണ്ടതാണ്. സർട്ടി... ക്കററു കൊടുക്കുക മുതലായ അവകാശങ്ങളും പുതിയ വൈദ്യനാ... രിക്കുന്നതാണ്.



11. വൈദ്യശാലകൾക്കു ഗ്രാൻറു കൊടുക്കുന്നതു താഴെ കാണും പ്രകാരമുള്ള ഗ്രേഡുകളിലായിരിക്കുന്നതാണ്:

| ഗ്രേഡ് | ഗ്രാൻറു തുക (പ്രതിമാസം) |
|---|---|
| 1 | 75 രൂപ |
| 2 | 50 രൂപ |

കുറിപ്പ്:—മേലാൽ മരുന്നിൻെറ രൂപത്തിൽ ഗ്രാൻറു കൊടുക്കുന്നതല്ല. എന്നാൽ ഈ ഗ്രേഡുകളിൽ കൂടുതലായ ഒരു നിരക്കിൽ ഗവണ്മെൻറിനു മററു പ്രത്യേക വ്യവസ്ഥകളിന്മേൽ ഏതെങ്കിലും വൈദ്യനു ഗ്രാൻറ് അനുവദിക്കാവുന്നതാണ്.

12. ഗവണ്മെൻറിൻെറ കീഴിലോ മറേറതെങ്കിലും സ്ഥാപനങ്ങളിലോ ശമ്പളം പററുന്ന ഉദ്യോഗം വഹിക്കുന്നവർക്കും വൈദ്യവൃത്തിയല്ലാതെ മറേറതെങ്കിലും തൊഴിൽ ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്കും ഗ്രാൻറിനു അർഹത ഉണ്ടായിരിക്കുന്നതല്ല.

13. ഗ്രാൻറു വാങ്ങുന്ന ഒരു വൈദ്യൻ അയാളുടെ ആകെയുള്ള ഗ്രാൻറ് സർവ്വീസിനിടയ്ക്കു മൂന്നു കൊല്ലത്തിൽ കൂടുതൽ കാലം ഗ്രാൻറ് പിടിച്ചുള്ള അവധിക്ക് അർഹനാകുന്നതല്ല. തുടർന്ന് ഒരേസമയം ഒന്നായി ഒരു കൊല്ലത്തിൽ കൂടുതൽ അവധിയെടുക്കാൻ പാടുള്ളതല്ല. ഇപ്രകാരം വന്നാൽ ഗ്രാൻറു തുടർന്നു കിട്ടുന്നതിനുള്ള അവകാശം നഷ്ടപ്പെട്ടതായി പരിഗണിക്കുന്നതാണ്. അവധിക്കുള്ള അപേക്ഷകൾ ഡിസ്ട്രിക്ട് ഇൻഡീജിനസ് മെഡിക്കൽ ആഫീസർ വഴി ഇൻഡീജിനസ് മെഡിസിൻ ഡയറക്ടർക്ക് അയച്ച് അനുവാദം വാങ്ങേണ്ടതാണ്.

14. ഗ്രാൻറു വൈദ്യന്മാർക്ക് കൊല്ലത്തിൽ 15 ദിവസത്തെ ക്യാഷ്വൽ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ക്യാഷ്വൽ അവധി ഓരോ സമയം അഞ്ചു ദിവസത്തിൽ കൂടുതലായിരിക്കാൻ പാടില്ലാത്തതാണ്. പബ്ലിക്ക് ഒഴിവു ദിവസങ്ങൾ അവധിക്കാലത്തിൽ നിന്നും ഒഴിവാക്കുന്നതുമല്ല. ക്യാഷ്വൽ ലീവ് ഉപയോഗിക്കുന്നതിനു മുറപ്രകാരം ഡിസ്ട്രിക്ട് ഇൻഡീജിനസ് മെഡിക്കൽ ആഫീസറുടെ അനുവാദം വാങ്ങേണ്ടതാണ്.

15. യാതൊരു കാരണവും പറയാതെതന്നെ ഒരു ഗ്രാൻറുവൈദ്യശാലയുടെ ഗ്രാൻറ് പിൻവലിക്കുന്നതിനും നിറുത്തൽ ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെൻറിന് ഉണ്ടായിരിക്കുന്നതാണ്.

## വിഷവൈദ്യശാല

16. സർപ്പബാധയ്ക്കും മററു വിഷബാധകൾക്കും പറയത്തക്ക വിധം സാദ്ധ്യതയുള്ള ദിക്കുകളിൽ പ്രത്യേകം വിഷവൈദ്യശാലകൾ അനുവദിക്കാവുന്നതാണ്.

17. അങ്ങനെയുള്ള വിഷവൈദ്യശാല സാമാന്യവൈദ്യശാ യിൽനിന്നും നാലു മൈൽ അകലെയായിരിക്കണമെന്ന നിർബ്ബന്ധ മില്ലാത്തതാകുന്നു.

18. വിഷവൈദ്യശാല കഴിയുന്നതും വിഷവൈദ്യന്റെ വ തിയോടു് അടുത്തുതന്നെയായിരിക്കണം. അര മൈലിൽ അധിക ദൂരമായിക്കൂടാ.

19. കെട്ടിടം, സർപ്പദംശ ചികിത്സയിൽ അത്യാവശ്യമാ പച്ചമരുന്നുകൾ നട്ടുവളർത്തക്കവണ്ണം സൗകര്യമുള്ളതും ജലസൗക മുള്ളതുമായ പരിസരങ്ങളോടുകൂടിയതും രണ്ടു രോഗികളെയെങ്കില ഒന്നോ രണ്ടോ ദിവസത്തേക്കു് കിടത്തി ഉപചരിക്കത്തക്ക സൗക മുള്ളതുമായിരിക്കേണ്ടതാണ്.

കുറിപ്പ്:—ഗ്രാന്റിനു് അപേക്ഷിക്കുന്ന വിഷവൈദ്യൻ വി വൈദ്യബോർഡിൽ നിന്നു യോഗ്യതാ സർട്ടിഫിക്ക സമ്പാദിച്ച ആളായിരിക്കണം.

## വൈദ്യശാലാ കെട്ടിടം

20. വൈദ്യശാല പബ്ലിക് റോഡരികിൽ ഒരു നല്ല കെട്ടി ത്തിൽ സ്ഥാപിച്ചിരിക്കേണ്ടതാകുന്നു.

21. വൈദ്യശാല സ്ഥാപിക്കുന്നതു് എല്ലാ ജാതിമതസ്ഥ ഒരുപോലെ പ്രവേശിക്കുവാൻ സൗകര്യമുള്ള സ്ഥലത്തു വേണ്ട കുന്നു.

22. വൈദ്യശാല എല്ലാ സമയത്തും വൃത്തിയായും ശു യായും സൂക്ഷിച്ചുകൊള്ളേണ്ടതാകുന്നു.

23. വൈദ്യശാലയിൽ വരുന്ന രോഗികൾക്കു ഇരിക്കുവാ അവരെ പരിശോധിക്കുവാനും വേണ്ട സൗകര്യം ഉണ്ടായിരിക്കേ താകുന്നു.

24. വൈദ്യശാലയുടെ മുൻവശത്തു് വൈദ്യശാലയുടെ പേ വൈദ്യന്റെ പേരും എഴുതിയിട്ടുള്ള ഒരു ബോർഡു് ഉണ്ടായി ക്കണം.

## വൈദ്യശാലാ സമയം

25. വൈദ്യശാല കാലത്തു് 8 മണി മുതൽ 11 മണി വരെ വൈകുന്നേരം 4 മണി മുതൽ 6 മണി വരേയും (സ്റ്റാൻഡേർ സമയം) തുറന്നിരിക്കേണ്ടതും, ഈ സമയത്തു വൈദ്യനോ വൈദ്യനോ ഒരാൾ നിശ്ചയമായും ഹാജരായിരിക്കേണ്ടതുമാകുന്നു.

26. വിഷവൈദ്യശാലയെ സംബന്ധിച്ചിടത്തോളം കാരം സമയക്ലിപ്തമില്ല. വൈദ്യശാലാപ്രവർത്തനസമയത്തും അ തുള്ളപ്പോഴും വൈദ്യന്റെ സേവനം ലഭ്യമായിരിക്കണം.



വൈദ്യശാലയെ സംബന്ധിച്ചും വൈദ്യൻ വൈദ്യശാലയോടു കഴിയുന്നതും അടുത്തുതന്നെ താമസിക്കേണ്ടതാകുന്നു.

## റിക്കാർഡുകൾ

27. 'രോഗിയുടെ പേരുവിവരം രജിസ്റ്ററി'ൽ എല്ലാ സംഗതികളും ശരിയായും തെറ്റുവ്യത്യാസങ്ങൾ വരാതേയും വെട്ടിത്തിരുത്തുകൾ കൂടാതേയും അപ്പോഴപ്പോൾത്തന്നെ എഴുതേണ്ടതാകുന്നു.

28. ഹാജർ പുസ്തകത്തിൽ പ്രതിദിനം കാലത്തും വൈകുന്നേരവും അടയാളപ്പെടുത്തി വൈദ്യൻ ഒപ്പിടേണ്ടതാകുന്നു.

29. സർട്ടിഫിക്കറ്റു് ഫാറം അനുസരിച്ചു് രജിസ്റ്റർ പുസ്തകങ്ങളെല്ലാം ക്രമമായും തെറ്റുകൂടാതേയും എഴുതി സൂക്ഷിക്കേണ്ടതാകുന്നു.

30. ഡയറക്ടരാഫീസിലേക്കും ഡിസ്ട്രിക്ട് ആഫീസിലേക്കും മറ്റും അയയ്ക്കുന്ന സകല എഴുത്തുകുത്തുകളുടേയും പകർപ്പ് ക്രമനമ്പർ ഇട്ടു് ഒരു പുസ്തകത്തിൽ സൂക്ഷിക്കേണ്ടതാകുന്നു.

31. ഔഷധ ലിസ്റ്റ്, രോഗവിവരം, സ്റ്റേറ്റുമെന്റ്, സഹായധനം വാങ്ങുന്നതിന്റെ റിപ്പോർട്ട് മുതലായവയുടെ ശരിപ്പകർപ്പ് പ്രത്യേകം പുസ്തകങ്ങളിൽ എഴുതി സൂക്ഷിക്കേണ്ടതാകുന്നു.

32. മാന്യന്മാരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിലേക്കു് ഒരു പ്രത്യേക പുസ്തകം വയ്ക്കുന്നതിനു വിരോധമില്ലാത്തതാകുന്നു.

33. റിക്കാർഡുകളെല്ലാം വൃത്തിയായും ശുചിയായും തിരിച്ചറിയുന്നതിനു പുറത്തു ലേബൽ ഒട്ടിച്ചും സൂക്ഷിക്കേണ്ടതാകുന്നു.

34. പുസ്തകങ്ങളുടെ എല്ലാ പേജുകൾക്കും ക്രമനമ്പരും യുക്തമെന്നു തോന്നുന്ന സ്ഥലങ്ങളിൽ വൈദ്യന്റെ അടയാളവും തീയതിയും ഉണ്ടായിരിക്കേണ്ടതാണ്.

35. മാസാന്ത്യ കണക്കുകൾ മുതലായവയെല്ലാം മറുമാസം 5-ാം തീയതിക്കു മുൻപു് ഡിസ്ട്രിക്ട് ഇൻഡീജിനസ് മെഡിക്കൽ ആഫീസിൽ കിട്ടുവാൻ തക്കവണ്ണം അയച്ചുകൊള്ളേണ്ടതാകുന്നു.

36. വർഷാന്ത്യ റിപ്പോർട്ടും സ്റ്റേറ്റുമെന്റും അയയ്ക്കുന്നതു പ്രതിമാസമുള്ള രോഗവിവരം സ്റ്റേറ്റുമെന്റിനെ അടിസ്ഥാനപ്പെടുത്തി പുരുഷൻ, സ്ത്രീ, ബാലൻ എന്നീ വിഭാഗങ്ങളോടും ചികിത്സാഫലം മുതലായവയോടും കൂടി വേണ്ടതാകുന്നു. അതു് ഏപ്രിൽമാസം 15-ാം തീയതിക്കു മുൻപു് ഡിസ്ട്രിക്ട് ഇൻഡീജിനസ് മെഡിക്കൽ ആഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുകൊള്ളേണ്ടതാകുന്നു.

37. കാലദേശാവസ്ഥകളെക്കൊണ്ടുണ്ടാകുന്ന സാംക്രമിക രോഗം മുതലായവയുടെ വിവരവും വർഷാന്ത്യ റിപ്പോർട്ടിൽ പ്രത്യേകം എഴുതിയിരിക്കേണ്ടതാകുന്നു.

38. പിണ്ഡസ്വേദം, സ്നേഹസ്വേദം, തക്രധാര, വസ്തി മുതല യവ ചെയ്തിട്ടുള്ളതിന്റെ വിവരംകൂടി വർഷാന്ത്യ റിപ്പോർട്ടിൽ വ്യക്തമായി എഴുതിയിരിക്കേണ്ടതാകുന്നു.

39. സർട്ടിഫിക്കേറ്റിനെ സംബന്ധിച്ചുള്ള നിയമങ്ങളനു രിച്ച് വേണ്ട എഴുത്തുകുത്തുകൾ അപ്പോഴപ്പോൾ ചെയ്തുകൊള്ളേണ്ട കുന്നു.

ഔഷധ സാമഗ്രികൾ

40. രോഗചികിത്സയ്ക്കു ദേശകാലാനുസരണമായി ആവശ്യ ള്ളതും സർക്കുലറിൻപടിയുള്ളതുമായ ഔഷധങ്ങൾ വൈദ്യൻ സ്വ ചെലവിന്മേൽ ശാസ്ത്രപ്രകാരം ഉണ്ടാക്കി വൈദ്യശാലയിൽ സൂക്ഷി ച്ചുകൊള്ളേണ്ടതാകുന്നു.

41. ഔഷധങ്ങളെല്ലാം നിർമ്മലവും യഥായോഗ്യവുമായ പാ ങ്ങളിൽ നല്ലവണ്ണം അടപ്പിട്ടുകെട്ടി സൂക്ഷിക്കേണ്ടതും അവ ഓരോ ന്നിലും അവയുടെ പേരുവിവരം വൃത്തിയായും വ്യക്തമായും എഴു പതിക്കേണ്ടതുമാകുന്നു.

42. മേൽപ്രകാരം പാത്രങ്ങളിലാക്കി സൂക്ഷിച്ചിട്ടുള്ള ഔഷ ങ്ങൾ അലമാരികളിലോ ഷെൽഫുകളിലോ ക്രമീകരിച്ചുവയ്ക്കേ താകുന്നു.

43. ഔഷധങ്ങൾ അളന്നു കൊടുക്കുന്നതിനു ലിറ്റർ ഗ്ലാസ്സ് മു ലായവയും എടുക്കുന്നതിനു സ്പൂൺ മുതലായവയും തൂക്കിക്കൊടു ന്നതിന് ത്രാസു മുതലായവയും വൈദ്യശാലയിൽ ഉണ്ടായിരിക്കേ ണ്ടതാകുന്നു.

സാമാന്യം

44. ഓരോ വൈദ്യശാലയിലും സ്ഥലസൗകര്യം അനു രിച്ച് അത്യാവശ്യവും അപൂർവ്വവുമായ ഔഷധങ്ങൾ നട്ടുവളർത്തേ താകുന്നു. വിശേഷിച്ചും വിഷവൈദ്യശാലയിൽ ഇവ അത്യാവശ മാകുന്നു.

45. രോഗികളുടെ ചെലവിന്മേൽ അവർക്കാവശ്യമുള്ള ഔഷ ങ്ങൾ അവർ ആവശ്യപ്പെടുന്നപക്ഷം തയാർ ചെയ്തുകൊടുക്കേ താകുന്നു.

46. പ്രതിദിനം രോഗികൾക്ക് കഷായം ഉണ്ടാക്കിക്കൊ ക്കുന്ന വൈദ്യശാലകളിൽ അവ പ്രത്യേകം ശുചിയായും കേടുവ തേയും ഇരിക്കുന്നതിനു വൈദ്യൻ ശ്രദ്ധിക്കേണ്ടതാകുന്നു.

47. രോഗികൾക്കു കിട്ടുവാൻ ദുർല്ലഭമായ ഔഷധങ്ങളോ മേ മരുന്നുകളോ രോഗികൾ ആവശ്യപ്പെട്ടാൽ അവരുടെ ചെലവിന്മേ കഴിയുമെങ്കിൽ സമ്പാദിച്ചുകൊടുക്കേണ്ടതാകുന്നു.



48. നിർദ്ധനരായ രോഗികൾക്കു ഔഷധങ്ങൾ കഴിവുള്ളിട ത്തോളം സൗജന്യമായി കൊടുക്കേണ്ടതാണ്. അപ്രകാരം സൗജന്യ മായി കൊടുക്കുന്ന ഔഷധങ്ങളുടെ വിവരം, അവ കൊടുക്കപ്പെട്ട രോഗികളുടെ വിവരം ഇവ അടങ്ങിയ ഒരു രജിസ്റ്റർ വൈദ്യശാല യിൽ സൂക്ഷിക്കേണ്ടതാകുന്നു.

49. സൗകര്യമുള്ളപ്പോഴെല്ലാം വൈദ്യന്മാർ പ്രത്യേക ഗ്രന്ഥ ങ്ങളെ ഉപര്യുപരി പരിശീലിക്കുന്ന കാര്യത്തിൽ തൽപരന്മാരായിരി ക്കേണ്ടതാകുന്നു.

50. വൈദ്യന്മാർ ഔഷധക്കച്ചവടത്തിൽ ഏർപ്പെടാൻ പാടു ള്ളതല്ല.

കുറിപ്പ്.—സ്വന്തം രോഗികൾക്ക് മരുന്നുകൾ വിലയ്ക്കു കൊടുക്കു ന്നതു കച്ചവടമായി ഗണിക്കുന്നതല്ല. സർക്കാർ ജീവന ക്കാരായ രോഗികളെ രജിസ്റ്ററിൽ ചേർത്ത് ചികിത്സി ക്കുകയും സർട്ടിഫിക്കേറ്റു കൊടുക്കുകയും ചെയ്യുന്ന കാര്യ ത്തിൽ അതാതു സമയം ഏർപ്പെടുത്തിയിട്ടുള്ള നിയമ ങ്ങളെ ക്രോഡീകരിച്ച് താഴെ ചേർത്തിരിക്കുന്നു.

51. സർക്കാർ ജീവനക്കാരായ രോഗികളെ രജിസ്റ്ററിൽ ചേർത്തു ചികിത്സിക്കുന്ന കാലങ്ങളിൽ അവർ സ്വന്ത കൃത്യനിർവ്വ ഹണത്തിന് അപ്രാപ്തരാണെന്നു വൈദ്യനു ബോദ്ധ്യം വന്നാൽ മാത്രമേ സർട്ടിഫിക്കേറ്റു കൊടുക്കുന്നതിന് അയയ്ക്കാൻ പാടുള്ളു.

52. അങ്ങനെയുള്ള സർക്കാർ ജീവനക്കാരായ രോഗികളെ രജിസ്റ്ററിൽ ചേർത്താലുടനെ ആവശ്യമുള്ള എല്ലാ വിവരവും ചികിത്സാ വിവരം രജിസ്റ്ററിൽ എഴുതേണ്ടതാകുന്നു.

53. അപ്രകാരം രജിസ്റ്ററിൽ ചേർത്താൽ മൂന്നു ദിവസത്തി നകം ഡിസ്ട്രിക്ട് ആഫീസിലേക്ക് വിവരത്തിനു റിപ്പോർട്ട് അയ ച്ചുകൊള്ളേണ്ടതാകുന്നു.

54. സർക്കാർ ജീവനക്കാരനാണെന്നു വൈദ്യനെ അറിയി ക്കാതെ ചികിത്സയിൽ ഉൾപ്പെടുന്ന രോഗികൾ സർട്ടിഫിക്കേറ്റിന് അർഹരാകുന്നതല്ല.

55. സർക്കാർ ജീവനക്കാരായ രോഗികൾ ചികിത്സയിൽ ഉൾപ്പെടുന്ന സമയം അവർ ഈ രോഗചികിത്സയ്ക്കു മുൻപ് ഏതെ ങ്കിലും വൈദ്യശാലയിലോ ആസ്പത്രിയിലോ ചേർന്നിട്ടുണ്ടായി രുന്നോ എന്നും അവിടം വിട്ടുപോകുവാനുള്ള കാരണം എന്തായിരുന്നു വെന്നും ചോദിച്ചറിഞ്ഞു ചികിത്സാവിവരം രജിസ്റ്ററിൽ 9-ാം ഖണ്ഡ ത്തിൽ എഴുതേണ്ടതാകുന്നു.

56. ചികിത്സാ വിവര രജിസ്റ്റർ നമ്പരും റിപ്പോർട്ടിലെ നമ്പരും ഒന്നായിരിക്കേണ്ടതാകുന്നു.

57. വൈദ്യന്റെ നോട്ടത്തിലും ചികിത്സയിലുമിരിക്ക സർക്കാർ ജീവനക്കാരായ രോഗികൾക്കുമാത്രമേ സർട്ടിഫിക്ക കൊടുക്കുവാൻ വൈദ്യന് അധികാരമുള്ളൂ.

58. രോഗികളുടെ സ്ഥിതിയെ കുറിച്ച് ഏഴുദിവസത്തി ഒരിക്കലെങ്കിലും വൈദ്യനെ അറിയിക്കാതിരുന്നാൽ ഉട രോഗിയെ ഡിസ്ചാർജ്ജ് ചെയ്യുകൊള്ളേണ്ടതാകുന്നു.

59. സർക്കാർ ജീവനക്കാരായ രോഗികളെ രജിസ്റ്ററിൽ ചേ തിന്റെ ശേഷം അവർ പിന്നീട് വരുന്ന എല്ലാ അവസരങ്ങളി അവരുടെ രജിസ്റ്റർ നമ്പർ പുനരാവർത്തിച്ചുകൊള്ളേണ്ടതും വിവരം ചികിത്സാവിവരം രജിസ്റ്ററിൽ 11-ാം ഖണ്ഡത്ത എഴുതി ചേർക്കേണ്ടതുമാകുന്നു.

60. ദീർഘകാലത്തെ അവധിക്ക് ആദ്യമായി ഒരിക്ക ശുപാർശ ചെയ്യുകൂടാത്തതാകുന്നു. കൂടുതൽ ലീവു കൊടുക്കേണ്ടതാ വരുന്ന അവസരങ്ങളിൽ ലീവ് സർട്ടിഫിക്കററു ഫാറംതന്നെ യോഗിച്ചുകൊള്ളേണ്ടതും അതിൽ മുന്നവധിയുടെ കാര്യം വ്യക്തമ എഴുതിയിരിക്കേണ്ടതുമാകുന്നു.

61. രോഗിയുടെ മേലധികാരത്തിൽ നിന്നു് എഴുതിവന്ന ടനെ ആ ലററിലെ നമ്പരും തീയതിയും കാണിച്ചു ഡിസ്ട്രി ആഫീസിലേക്ക് റിപ്പോർട്ടും സർട്ടിഫിക്കററും അയച്ചുകൊള്ളേ താകുന്നു.

62. രോഗിയുടെ മേലധികാരത്തിൽ നിന്നും ആവശ്യ ടാതെ യാതൊരു സർട്ടിഫിക്കററും കൗണ്ടർസൈൻ ചെയ്യാൻ അ ച്ചുകൂടാത്തതാകുന്നു.

63. ലീവ് സർട്ടിഫിക്കററിനു് ആവശ്യപ്പെടുന്ന സമ രോഗിയെ ഡിസ്ചാർജ്ജ് ചെയ്യുപോയിട്ടുണ്ടെങ്കിൽ ലീവ് സ ഫിക്കററും, ഡിസ്ചാർജ് സർട്ടിഫിക്കററും കൗണ്ടർസൈ ചെയ്യാനായി ഡിസ്ട്രിക്ട് ആഫീസിൽ അയച്ചുകൊള്ളേണ്ടതാ

കുറിപ്പ്:—27-12-1961-ലെ G.O. (P) No. 512/61/Fin. അ രിച്ച് 'എ' ക്ലാസ്സ് രജിസ്റ്റേർഡ് പ്രാക്ടീഷണറന്മാ ഗ്രാന്റു വൈദ്യന്മാർ നൽകുന്ന മെഡിക്കൽ സട്ടിഫി റുകൾ കൗണ്ടർസൈൻ ചെയ്യപ്പെടേണ്ട ആവശ്യമി

64. ലീവ് സർട്ടിഫിക്കററ് അയയ്ക്കുന്ന സമയം രോഗി ഡിസ്ചാർജ്ജ് ചെയ്യിട്ടില്ലെങ്കിൽ ഡിസ്ചാർജ്ജ് ചെയ്യ തന്നെ മേലധികാരത്തിൽ നിന്നും ആവശ്യപ്പെട്ടാലും ഇല്ലെങ്കി ഡിസ്ചാർജ്ജ് സർട്ടിഫിക്കററ് ഡിസ്ട്രിക്ട് ആഫീസിലേ അയച്ചുകൊള്ളേണ്ടതാകുന്നു.

65. ലീവ് സർട്ടിഫിക്കററ് അയയ്ക്കാത്ത സംഗതിക ഡിസ്ചാർജ്ജ് സർട്ടിഫിക്കററ് ഡിസ്ട്രിക്ട് ആഫീസിലേ



അയയ്ക്കേണ്ട ആവശ്യമില്ല. ഡിസ്ചാർജ്ജ് ചെയ്യുകഴിഞ്ഞാൽ വിവരം ഡിസ്ട്രിക്ട് ആഫീസിലേക്ക് റിപ്പോർട്ടു ചെയ്യാൽ മതിയാകുന്നതാകുന്നു.

66. ഡിസ്ചാർജ്ജ് സർട്ടിഫിക്കററ് അയയ്ക്കുന്ന സമയം ഡിസ്ചാർജ്ജ് ചെയ്യാനുള്ള കാരണം വ്യക്തമായി എഴുതിയിരിക്കണം.

67. ഏതു കാരണവശാലെങ്കിലും ഒരു രോഗിയെ ഡിസ്ചാർജ്ജ് ചെയ്യുകഴിഞ്ഞാലുടൻതന്നെ വൈദ്യൻ എല്ലാ രജിസ്റ്ററിലും ആവശ്യമുള്ള വിവരങ്ങൾ എഴുതി പൂർത്തിയാക്കി ഒപ്പും തീയതിയും വയ്ക്കേണ്ടതാകുന്നു.

68. യാതൊരു രജിസ്റ്ററിലും വെട്ടിത്തിരുത്തലുകളും അവ്യക്തമായ നിർദ്ദേശങ്ങളും അനുവദിക്കുന്നതല്ല.

69. യാതൊരു സർക്കാർ ജീവനക്കാരനായ രോഗിക്കും രജിസ്റ്ററിൽ ചേർത്ത തീയതിക്കു മുൻപ് അവധികൊടുക്കാൻ വൈദ്യൻ സർട്ടിഫിക്കററ് അയച്ചുകൂടാത്തതാകുന്നു.

70. രജിസ്റ്ററിൽ ചേർത്ത തീയതി മുതൽ അവധികൊടുക്കേണ്ടതാണെന്നു നിയമമില്ലാത്തതുകൊണ്ട് വൈദ്യന്റെ യുക്തംപോലെ പിന്നീട് ഏതെങ്കിലും ഒരു തീയതി മുതൽ അവധികൊടുക്കാൻ സർട്ടിഫിക്കററ് അയയ്ക്കാവുന്നതാകുന്നു.

71. ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള എല്ലാ ഗ്രാന്റു സ്ഥാപനങ്ങളും ബന്ധപ്പെട്ട ഡിസ്ട്രിക്ട് ആഫീസറന്മാർ സാധാരണയായി ആണ്ടിൽ രണ്ടുതവണയെങ്കിലും പരിശോധിക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും സ്ഥാപനം രണ്ടുതവണ പരിശോധിക്കാൻ സാധിക്കാതെ വന്നാൽ ആയതു് ആണ്ടിൽ ഒരു തവണയെങ്കിലും നിർബന്ധമായി പരിശോധിച്ചിരിക്കേണ്ടതാകുന്നു. പരിശോധനാ റിപ്പോർട്ടുകൾ യഥാകാലം ഡയറക്ടർക്ക് അയച്ചു വേണ്ട നടപടികൾ നടത്തിക്കൊള്ളേണ്ടതുമാകുന്നു.

72. പരിശോധനാവസരം ഡിസ്ട്രിക്ട് ആഫീസർ ഈ വക രജിസ്റ്ററുകളെല്ലാം കൂലങ്കഷമായി പരിശോധിക്കേണ്ടതും, യുക്തംപോലെ സർക്കാർ ജീവനക്കാരായ രോഗികളെ കാണണമെന്നാവശ്യപ്പെട്ടാൽ അതിലേക്കു വൈദ്യൻ വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതുമാകുന്നു.

73. സർക്കാർ ജീവനക്കാരായ രോഗികൾക്കു കൊടുക്കുന്ന മെഡിക്കൽ സട്ടിഫിക്കററുകളിൽ ചേർക്കുന്ന വിവരങ്ങൾ ഗവൺമെന്റു് യഥാകാലം നിശ്ചയിക്കുന്ന സർവ്വീസ് വ്യവസ്ഥകൾക്ക് അനുരൂപമായിരുന്നാൽ മാത്രമേ അത്തരം സർട്ടിഫിക്കററുകൾ സാധുവാകയുള്ളൂ.

74. ഈ നിയമങ്ങൾ ആയുർവ്വേദം, സിദ്ധം, യൂനാനി, വിഷചികിത്സ, മർമ്മചികിത്സ ആദിയായ ദേശീയ ചികിത്സാസമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ള ഗ്രാൻറു വൈദ്യന്മാർക്കു മാത്രമേ ബാധകമായുള്ളു. അലോപ്പതി, ഹോമിയോപ്പതി മുതലായ പാശ്ചാത്യ ചികിത്സാസമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ളവക്ക് ബാധകമല്ല.